# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 55 08.08.2017-ലെ മറുപടിക്ക്

## "ഇൻകുബേഷൻ സെന്ററുകളും ജിയോ പോർട്ടലും '

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.എ.എൻ. ഷംസീർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.ജെ.മാക്സി | ശ്രീ. എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | എ | സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തി നവ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി എല്ലാവിധ സഹായവും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ച് വരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ ആശയം വികസിപ്പിക്കുക, അവരുടെ ഗവേഷണ ആശയങ്ങളെ സംരംഭക വികസനത്തിനായി പരിവർത്തനം ചെയ്യുക, യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കലാലയങ്ങളിൽ |

| | | | |
|---|---|---|---|
| | | | ഇൻകുബേഷൻ സെന്ററുകൾ വഴി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നത്. |
| ബി | വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിന് എം.എസ്.എം.ഇ. ജിയോപോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി പ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ബി | ഉണ്ട്. സൂക്ഷ്മ ,ചെറുകിട ,ഇടത്തരം വ്യവസായ സംരംഭങ്ങളുടെ സ്ഥാനമുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും സമഗ്രമായും കാലോചിതമായും ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കുകയാണ് എം.എസ്.എം.ഇ ജിയോപോർട്ടൽ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. അതു വഴി ഒരു വ്യവസായ ഭൂപടം രൂപീകരിക്കുകയും വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങളും പരിമിതികളും മനസ്സിലാക്കാനും ഇതിലൂടെ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ